സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം- സാങ്കേതികം- സാങ്കേതിക വിദ്യാഭ്യാസ കാര്യാലയം, തിരുവനന്തപുരം- കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം, തിരുവനന്തപുരം- ടി സ്ഥാപനത്തിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഇലക്ട്രിക്കൽ പി ജി ബ്ളോക്കിലെ അഡ്വാൻസ്ഡ് കൺട്രോൾ സിസ്റ്റം ലാബ് II ൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നിർവഹിയ്ക്കുന്നതുമായി ബന്ധപ്പെട്ട്- ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D1/22755/23/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 20.07.2023

---

വായന:- 1. പി3/5952/23/CET തീയതി.07/06/2023 ലെ കത്ത്
2. NHEC/TECH/527/22/7E തീയതി. 13/03/2023 ലെ നിർമ്മിതി കേന്ദ്രത്തിൻറെ എസ്റ്റിമേറ്റ്
3. 26/04/2023 തീയതിയിലെ ഡിപ്പാർട്ട്മെൻറൽ പർച്ചേസ് കമ്മിറ്റി മിനിട്സ്

**ഉത്തരവ്**

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഇലക്ട്രിക്കൽ പി ജി ബ്ളോക്കിലെ അഡ്വാൻസ്ഡ് കൺട്രോൾ സിസ്റ്റം ലാബ് II ൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നിർവഹിയ്ക്കുന്നതിന് ₹ 6,89,565/- (ആറ് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) യുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് വായന 1 പ്രകാരം സ്ഥാപനമേധാവി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വായന 2, 3 പ്രകാരം കേരളാ സ്റ്റേറ്റ് നിർമ്മിതികേന്ദ്രം, തിരുവനന്തപുരം, റീജിയണൽ എഞ്ചിനീയർ, സ്ഥാപനമേധാവി എന്നിവർ മേലൊപ്പുവെച്ച ₹ 6,89,565/- (ആറ് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) യുടെ എസ്റ്റിമേറ്റ്, ഡിപ്പാർട്ട്മെൻറൽ പർച്ചേസ് കമ്മിറ്റി മിനിട്സ്, ന്യായീകരണക്കുറിപ്പ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അപേക്ഷ വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ, ടി കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഇലക്ട്രിക്കൽ പി ജി ബ്ളോക്കിലെ അഡ്വാൻസ്ഡ് കൺട്രോൾ സിസ്റ്റം ലാബ് II ൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം കോളേജ് എഞ്ചിനീയറിംഗിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഇലക്ട്രിക്കൽ പി ജി ബ്ളോക്കിലെ അഡ്വാൻസ്ഡ് കൺട്രോൾ സിസ്റ്റം ലാബ് II ൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നിർവഹിയ്ക്കുന്നതിന് ₹ 6,89,565/- (ആറ് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) യുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

ടി പ്രവൃത്തി പൂർണ്ണമായും സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതാണ്.

പ്രസ്തുത ചെലവിന് ആവശ്യമായ തുക 2203-00-112-41-17 എം ഡബ്ല്യു പ്ലാൻ ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

നിബന്ധനകൾ:

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവഹണ ഏജൻസിയും സംയുക്തമായി മൂന്ന് മാസത്തിലൊരിയ്ക്കൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതു വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം, തിരുവനന്തപുരം
2. റീജിയണൽ എഞ്ചിനീയർ, കേരളാ സ്റ്റേറ്റ് നിർമ്മിതികേന്ദ്രം, തിരുവനന്തപുരം

Draft #1 of File D1/22755/23/DTE Approved by Director (in-charge) on 20-Jul-2023 08:06 PM - Page 1

പകർപ്പ്

1. അക്കൌണ്ട്സ് സെക്ഷൻ
2. ഫിനാൻസ് ഓഫീസറുടെ സി എ / ഫിനാൻസ് എ വിഭാഗം
3. ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.07.2023
Reason: Approved

സൂപ്രണ്ട്

Draft #1 of File D1/22755/23/DTE Approved by Director (in-charge) on 20-Jul-2023 08:06 PM - Page 2

The document is digitally approved. Hence signature is not needed.